ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിൽ നിന്നും ഒഴിവാക്കാൻ കോഴ

75 (80) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിൽ നിന്നും ഒഴിവാക്കാൻ സ്വർണ്ണ വ്യാപാരികൾ, ബേക്കറി ഉടമകൾ, ക്വാറി ഉടമകൾ തുടങ്ങിയവരിൽ നിന്നും ധനകാര്യ വകുപ്പുമന്ത്രി കോഴ വാങ്ങുന്നതായി ആക്ഷേപിച്ചുകൊണ്ടുള്ള ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പരാമർശം പത്ര ദൃശ്യ മാദ്ധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൗരവകരമായ ഈ ആരോപണങ്ങൾ സംബന്ധിച്ച് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തിയിരിക്കുന്നത്;

(സി) നികുതി വരവിലും, അധിക വിഭവസമാഹരണത്തിലും പ്രതീക്ഷിച്ച നേട്ടം പോലും ഇല്ലാതായിരിക്കുന്നതിന്റെയടിസ്ഥാനത്തിൽ ആക്ഷേപത്തിന്റെ ഗൗരവം പരിഗണിച്ച്, ധനകാര്യ വകുപ്പ് ബന്ധപ്പെട്ട മന്ത്രിയിൽ നിന്നും എടുത്ത് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി &സി) ഇല്ല

പ്രതിപക്ഷനേതാവിന്റെ ചെലവുകളും ഔദ്യോഗിക നിയമനങ്ങളും

76 (81) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ;

(സി) ഔദ്യോഗിക വസതിയിലേയ്ക്ക് സാധനസാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ നിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു. അറ്റകുറ്റപ്പണികൾക്കായി സിവിൽ ഇനത്തിൽ 50,37,827 രൂപയും, ഇലക്ട്രിക്കൽ ഇനത്തിൽ 17,79,811 രൂപയും ഫർണിച്ചർ റിപ്പയറിംഗിനും, പോളിഷിംഗിനും 1,62,736 രൂപയും കർട്ടൻ ഫിറ്റിംഗ്സ് ഇനത്തിൽ 1,39,806 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി)ടെലിഫോൺ ചാർജ്ജിനത്തിൽ 28-2-2015 വരെ ചെലവായ തുക ചുവടെ ചേർക്കുന്നു :

ഓഫീസ്	-	3,40,510 രൂപ
വസതി	-	1,55,121 രൂപ
മൊബൈൽ ഫോൺ	-	26,603 രൂപ
ആകെ		5,22,234 രൂപ

അതിഥി സൽക്കാരത്തിനായി 1,13,873 രൂപയും, യാത്രാബത്ത ഇനത്തിൽ 4,64,761 രൂപയും ചെലവായിട്ടുണ്ട്.

(സി) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനായി 2015 ഫെബ്രുവരി വരെ ആകെ 11,43,861 രൂപ ചെലവായിട്ടുണ്ട്.

(ഡി) 24-5-2013-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 4263/13/പൊ.ഭ.വ. പ്രകാരം പ്രസ് സെക്രട്ടറി, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി, പി.എ. എന്നീ തസ്തികകളിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. കെ. ബാലകൃഷ്ണൻ, ശ്രീ. വി.കെ. ശശിധരൻ, ശ്രീ. എ. സുരേഷ് എന്നിവരെ 31-5-2013 തീയതി അടിസ്ഥാനമാക്കിയും ക്ലർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. കെ. എസ്. സജിത്തിനെ 24-5-2013 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 4264/2013/പൊ.ഭ.വ. പ്രകാരം 30-4-2013 തീയതി അടിസ്ഥാനമാക്കിയും വിടുതൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly